KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

**30 04 06**

# സംഘടനകൾ വ്യാപക രക്തദാനത്തിന് തയ്യാറെടുക്കുന്നു

**തിരുവനന്തപുരം:** സംസ്ഥാനത്തെ വിവിധ മത, സമുദായ, രാഷ്ട്രീയ സംഘടനകൾ വ്യാപകമായി രക്തദാന പരിപാടികൾ സംഘടിപ്പിക്കാൻ ഒരുങ്ങുന്നു. ഇതിന്റെ ഭാഗമായി പരിശീലന പരിപാടി കളും രക്തദാന ക്യാമ്പുകളും നടക്കും.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെയും സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റേയും ആഭിമുഖ്യത്തിൽ ഇന്നലെ (വ്യാഴം) തിരുവനന്തപുരത്ത് നടന്ന രക്തദാന സമിതി രൂപീകരണ യോഗത്തിലാണ് ഇതിനു ധാരണയായത്.

ഊർജിത സന്നദ്ധ രക്തദാന പ്രചാരണപരിപാടിയുടെ ഭാഗമായി നടന്ന സമിതി രൂപീകരണ യോഗ ത്തിൽ സ്കൂൾ, കോളജ് തലത്തിൽ പ്രവർത്തിക്കുന്ന എൻ.എസ്.എസ്, എൻ.സി.സി സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ, മത, യുവജനസംഘടനകളുടെ പ്രതിനിധികൾ, വ്യാപാരി - വ്യവസായി സംഘടനാ പ്രതിനിധികൾ, ഫ്രാറ്റ് പ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ എന്നിവരെ കൂടാതെ ജില്ലയിലെ പ്രമുഖ രക്തബാങ്കുകളുടെ മേധാവികൾ തുടങ്ങിയവരും പങ്കെടുത്തു.

പൊതുജനങ്ങളെ കൂടി ഉൾപ്പെടുത്തി പ്രചരണ പരിപാടി സംഘടിപ്പിക്കാനും യോഗത്തിൽ ധാര ണയായി. താല്പര്യമുള്ള മറ്റു സംഘടനകളെ കൂടി രക്തദാന പ്രചരണ പരിപാടികളിൽ പങ്കെടുപ്പി ക്കും.

കേരളത്തിലെ സന്നദ്ധ രക്തദാന നിരക്ക് ഇപ്പോൾ മുപ്പത്തിയേഴു ശതമാനം മാത്രമാണ്. അത് ആറു മാസത്തിനുള്ളിൽ അറുപതു ശതമാനമായി വർധിപ്പിക്കുക, നിശ്ചിത കാലയളവിൽ രക്തം നൽകുന്നത് ശീലമാക്കുക എന്നിവയാണ് സമിതി രൂപീകരണത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

രക്തദാന സമിതി രൂപീകരണ യോഗത്തിന് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ, ഐ.എം.എ മുൻ പ്രസിഡന്റ് ഡോ. അലക്സ് ഫ്രാങ്ക്ളിൻ, ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് സീനിയർ പ്രോഗ്രാം മാനേജർ ബേബി പ്രഭാകർ തുടങ്ങിയവർ നേതൃത്വം നൽകി. ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**